**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3333** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഡിസൈൻ പോളിസി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്ത് ആദ്യമായി പൊതുഇടങ്ങളിലെ നിർമ്മാണത്തിന് സമഗ്രമായ ഒരു ഡിസൈൻ നയം അംഗീകരിച്ച സംസ്ഥാനമായി മാറുന്നതിന് കേരളത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | സ.ഉ(കൈ) നമ്പർ 5/2025/TSM തീയതി 14-03-24 പ്രകാരം കേരള സംസ്ഥാന ഡിസൈൻ പോളിസി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഡിസൈൻ പോളിസി അനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾക്ക് പുറമേ ചുറ്റുപാടുമുള്ള നിർമ്മിതികളുടെ ഉപയോഗം, മനോഹാരിത എന്നിവയും പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. ഈ കാഴ്ച്ചപ്പാടോട് കൂടി ഡിസൈൻ പോളിസിയിലെ നയങ്ങൾക്ക് അനുസൃതമായി പൊതുമരാമത്ത് വകുപ്പിലെ പാലങ്ങൾ രൂപ കൽപ്പന വിഭാഗം തയ്യാറാക്കുന്ന രൂപ കൽപ്പന പ്രകാരമാണ് നിർമ്മാണം നടത്തുന്നത് .<br><br>പൊതുമരാമത്ത് പാലങ്ങൾ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്ന തരത്തിൽ ദീപാലംകൃതമാക്കുകയും ഉപയോഗ ശൂന്യമായി അവഗണിക്കപ്പെട്ടു കിടക്കുന്ന പ്രദേശങ്ങൾ ജന സൗഹൃദ മാതൃകാ പൊതു ഇടങ്ങളാക്കി മാറ്റിയെടുക്കുക എന്ന രൂപകല്പ്പന നയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പ് മുഖേന നടപ്പിലാക്കി വരുകയും ചെയ്യുന്നു.<br><br>ഡിസൈൻ പോളിസി കൊണ്ടുവന്നതിലൂടെ കാലാവസ്ഥ വ്യതിയാനം കണക്കിലെടുത്ത് സുസ്ഥിരമായ വികസനം ഉൾക്കൊണ്ടുള്ള നിർമ്മിതികൾ കെട്ടിട വിഭാഗത്തിന്റെ കീഴിൽ വിഭാവനം ചെയ്യാൻ സാധിക്കുന്നുണ്ട്. |
| (ബി) | കാലാവസ്ഥാ വ്യതിയാനവും സുസ്ഥിരവികസനവും ഉൾക്കൊണ്ടുകൊണ്ടുള്ള നിർമ്മിതികൾ വിഭാവനം ചെയ്യാൻ ഡിസൈൻ പോളിസി കൊണ്ടുവന്നതിലൂടെ സാധിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (ബി) | സ.ഉ(കൈ) നമ്പർ 5/2025/TSM തീയതി 14-03-24 പ്രകാരം കേരള സംസ്ഥാന ഡിസൈൻ പോളിസി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഡിസൈൻ പോളിസി അനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾക്ക് പുറമേ ചുറ്റുപാടുമുള്ള നിർമ്മിതികളുടെ ഉപയോഗം, |

| | | | |
|---|---|---|---|
| | | | മനോഹാരിത എന്നിവയും പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. ഈ കാഴ്ച്ചപ്പാടോട് കൂടി ഡിസൈൻ പോളിസിയിലെ നയങ്ങൾക്ക് അനുസൃതമായി പൊതുമരാമത്ത് വകുപ്പിലെ പാലങ്ങൾ രൂപ കൽപ്പന വിഭാഗം തയ്യാറാക്കുന്ന രൂപ കൽപ്പന പ്രകാരമാണ് നിർമ്മാണം നടത്തുന്നത് .<br><br>പൊതുമരാമത്ത് പാലങ്ങൾ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്ന തരത്തിൽ ദീപാലംകൃതമാക്കുകയും ഉപയോഗ ശൂന്യമായി അവഗണിക്കപ്പെട്ടു കിടക്കുന്ന പ്രദേശങ്ങൾ ജന സൗഹൃദ മാതൃകാ പൊതു ഇടങ്ങളാക്കി മാറ്റിയെടുക്കുക എന്ന രൂപകല്പ്പന നയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പ് മുഖേന നടപ്പിലാക്കി വരുകയും ചെയ്യുന്നു.<br><br>ഡിസൈൻ പോളിസി കൊണ്ടുവന്നതിലൂടെ കാലാവസ്ഥ വ്യതിയാനം കണക്കിലെടുത്ത് സുസ്ഥിരമായ വികസനം ഉൾക്കൊണ്ടുള്ള നിർമ്മിതികൾ കെട്ടിട വിഭാഗത്തിന്റെ കീഴിൽ വിഭാവനം ചെയ്യാൻ സാധിക്കുന്നുണ്ട്. |
| (സി) | പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നിർമ്മാണ മേഖലയിൽ എന്തെല്ലാം ഗുണകരമായ മാറ്റങ്ങളാണ് ഡിസൈൻ പോളിസി കൊണ്ടുവന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (സി) | പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചാണ് മുന്നോട്ട് പോകുന്നത്. ഡിസൈൻ പോളിസിക്ക് അനുസൃതമായ നിർമ്മാണം, നൂതന സാങ്കേതികവിദ്യകളെ ഉപയോഗപ്പെടുത്തി ഗുണനിലവാരം ഉയർത്തുവാൻ സഹായകരമാകും. പരിസ്ഥിതി സൗഹാർദ്ദമായ മെറ്റീരിയലുകളുടെ ഉപഭോഗവും വർധിച്ചിട്ടുണ്ട്. |
| (ഡി) | റോഡുകൾ സ്മാർട്ട് റോഡുകളാക്കുന്നതിനും ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും ഡിസൈൻ പോളിസി എത്രത്തോളം സഹായകമായിട്ടുണ്ട്; വിശദീകരിക്കുമോ? | (ഡി) | കേരള റോഡ് ഫണ്ട് ബോർഡ് സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്ന റോഡുകൾ സ്മാർട്ടാക്കുന്നതിനും ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും വേണ്ടി ഡിസൈൻ പോളിസിയിൽ പറയുന്ന പ്രകാരമുള്ള സംവിധാനങ്ങളായ ഗ്രാഫിക്സ് & ലൈറ്റിംഗ് ഡിസൈൻ, ഇരിപ്പിടങ്ങൾ, സൈൻ ബോർഡുകൾ, ഡിസൈൻ ലൈറ്റുകൾ, ഓപ്പൺ കൾച്ചറൽ ലാന്റ്സ്കേപ്പിംഗ്, ഓപ്പൺ സ്പേസ് ഡിസൈൻ, സ്ട്രീറ്റ് ഡിസൈൻ, ഡിസൈൻ ഫോർ ഡിജിറ്റൽ എക്സ്പീരിയൻസ് & സർവ്വീസ് ഡിസൈൻ എന്നിവ സ്ഥല ലഭ്യത അനുസരിച്ച് നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ